**കേരള സർക്കാർ**

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

**പരിപത്രം**

നം.**22**/2020/ധന. തിരുവനന്തപുരം, തീയതി, **06.05.2020.**

വിഷയം:- പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ ഏപ്രിൽ 2020 മുതൽ അഞ്ച് മാസത്തേയ്ക്കുള്ള എൻ.പി.എസ് വിഹിതം ഈടാക്കുന്നതിൽ വ്യക്തത വരുത്തുന്നു.

സൂചന:- 1) സ.ഉ (പി) നം. 20/2013/ധന. തീയതി, 07.01.2013

2) സ.ഉ (പി) നം. 53/2020/ധന. തീയതി, 30.04.2020

പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമായിരിക്കുന്ന ഒരു ജീവനക്കാരന്റെ പ്രതിമാസ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേരുന്ന തുകയുടെ 10% തുല്യമായ സർക്കാർ വിഹിതവും ചേർത്ത് ജീവനക്കാരന്റെ പ്രാൺ അക്കൗണ്ടിൽ അടവാക്കണമെന്ന് സൂചന (1) ഉത്തരവ് പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. കോവിഡ്-19 തീർത്ത ആഘാതം കണക്കിലെടുത്ത് സർക്കാർ, ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2020 ഏപ്രിൽ മുതൽ അഞ്ച് മാസത്തേയ്ക്ക് ആറു ദിവസത്തെ ശമ്പളം വീതം മാറ്റി വെയ്ക്കുന്നതിനായി സൂചന (2) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സൂചന (2) ഉത്തരവിന് വിധേയമായി 5 മാസത്തേയ്ക്ക് 6 ദിവസ ശമ്പളം വീതം മാറ്റി വെക്കുന്ന സാഹചര്യത്തിൽ പ്രസ്തുത മാസങ്ങളിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ വിഹിതം എപ്രകാരമാണ് ഈടാക്കേണ്ടത് എന്നത് സംബന്ധിച്ച് ജീവനക്കാർക്കിടയിൽ ആശയക്കുഴപ്പം നിലനിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിരിക്കുന്നു.

**2)** പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുന്ന ജീവനക്കാരന് ഓരോ മാസവും യഥാർത്ഥത്തിൽ ലഭിക്കുന്ന അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേരുന്ന തുകയുടെ 10% ആണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിലേയ്ക്കുള്ള പെൻഷൻ വിഹിതമായി ഈടാക്കേണ്ടതെന്ന് സൂചന (1) ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ 2020 ഏപ്രിൽ മുതൽ അഞ്ച് മാസങ്ങളിൽ ഓരോ മാസവും എത്ര ദിവസങ്ങളിലെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയുമാണോ ജീവനക്കാരന് ലഭ്യമാകുന്നത് അതിനനുസൃതമായ എൻ.പി.എസ് വിഹിതം മാത്രം കുറവ് ചെയ്ത് അടവാക്കിയാൽ മതിയെന്ന് നിർദ്ദേശം നല്കുന്നു. എല്ലാ ഡി.ഡി.ഒ- മാരും ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

**രാജേഷ് കുമാർ സിംഗ് ഐ.എ.എസ്**

**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ് :

1. അക്കൗണ്ടൻറ് ജനറൽ (എ & ഇ), തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (ജി & എസ്.എസ്.എ), തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ ( ഇ & ആർ.എസ്.എ), തിരുവനന്തപുരം.
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ വകുപ്പ മേധാവികൾക്കും
6. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്
7. നോഡൽ ഓഫീസർ www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി **(E- 1495237)**

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**